കേസോ സിവിൽ കേസോ കൊടുത്ത് ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് കേര കർഷകർ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയത് അനുസരിച്ച് കേസ് നമ്പർ 101,102,103,104,105,106 പ്രകാരം 18-6-2005-ൽ ആറ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഇതുവരെ 22 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കോടതിയുടെ നിർദ്ദേശപ്രകാരം കമ്മീഷൻ സ്ഥലം പരിശോധിച്ചിട്ടുണ്ട്.

(7) കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അടൂർ പാർലമെന്റ് മെമ്പർ ശ്രീ. ചെങ്ങറ സുരേന്ദ്രൻ ഇന്നലെ രാവിലെ മുതൽ കൊല്ലം ചിന്നക്കട പൊതുമൈതാനത്ത് അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിച്ചിരിക്കുകയാണ്. കശുവണ്ടി ഫാക്ടറികൾ മുഴുവൻ തുറന്ന് പ്രവർത്തിപ്പിക്കണം, തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കണം, വ്യവസായത്തിന്റെ സംരക്ഷണം എന്നീ വിഷയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം അദ്ദേഹം ആരംഭിച്ചിരിക്കുന്നത്. ആ വിഷയങ്ങൾ നേരത്തെ ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഗവൺമെന്റ് തലത്തിൽ നടത്തിയ ചർച്ചകളെല്ലാം ഉദ്ദേശിച്ചപോലെ വിജയിച്ചില്ല. ഈ സാഹചര്യത്തിൽ കൂടുതൽ ശക്തമായ സമരം കശുവണ്ടി മേഖലയിൽ ഉണ്ടാവുകയാണ്. തൊഴിൽ നിഷേധത്തിനും നിയമങ്ങൾ ലംഘിക്കുന്നതിനും ഉള്ള വളരെ വിപുലമായ സമരമാണ് ഈ മേഖലയിൽ ശക്തിപ്പെട്ടു വരുന്നത്. ആ സമരത്തിന് ബഹുമാനപ്പെട്ട എം.പി. യുടെ അനിശ്ചിതകാല സത്യാഗ്രഹം കൂടുതൽ ശക്തി പകർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാനും കശുവണ്ടി മേഖലയിൽ തൊഴിലും വ്യവസായവുമൊക്കെ പുനഃസ്ഥാപിക്കുന്ന വിധത്തിൽ അതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കാനും കഴിയുന്ന വിധത്തിൽ ഗവൺമെന്റ് ഉന്നതതല ചർച്ച വിളിച്ചുകൂട്ടണം. ബഹുമാനപ്പെട്ട എം.പി. യുടെ നിരാഹാര സമരം അവസാനിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ഒരു ബഹുമാനപ്പെട്ട പാർലമെന്റ് മെമ്പർ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറും ഈ വിഷയത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: പെട്ടെന്ന് തീർക്കാൻ നോക്കണം.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ഇന്നലെ ബഹുമാനപ്പെട്ട എം.പി. നിരാഹാര സത്യാഗ്രഹം ആരംഭിച്ചതിനുശേഷം മൂന്നു മണിക്കൂർ സർക്കാർ ഈ പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്തു. കാഷ്യൂവിനെ സംബന്ധിച്ച് ഒരു ചർച്ച ഇതിനുമുമ്പ് ഇതുപോലെ നടന്നിട്ടില്ല. കാഷ്യൂവുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട എല്ലാ നേതാക്കൻമാരേയും വിളിച്ചിരുന്നു. ഐ.ആർ.സി. സാധാരണ ഇങ്ങനെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യില്ല. പക്ഷെ ഞാൻ അതിനേക്കാൾ വിപുലമായി, അങ്ങയുടെ നേതാവ് ശ്രീ. ജെ. ചിത്തരഞ്ജൻ അടക്കമുള്ള മുഴുവൻ നേതാക്കന്മാരേയും ട്രേഡ് യൂണിയൻ നേതാക്കളേയും ഉൾപ്പെടുത്തി വളരെ വിപുലമായ ചർച്ചയാണ് നടത്തിയത്. അതിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ചെയ്യാവുന്ന കാര്യങ്ങളെക്കുറിച്ചെല്ലാം ചർച്ച ചെയ്തു.

മി.സ്പീക്കർ: ഭീമമായ സംഖ്യ ഇന്നലെ അലോട്ട് ചെയ്തുവെന്ന് ധനകാര്യമന്ത്രി പറഞ്ഞു.

ശ്രീ. ബാബു ദിവാകരൻ: കാഷ്യൂ കോർപ്പറേഷന് ഇന്നലെ 30 കോടിയോളം രൂപ ഗവൺമെന്റ് അലോട്ട് ചെയ്തതാണ്. കഴിഞ്ഞ കുറേ നാളുകളായി കാഷ്യൂ രംഗത്ത് പ്രശ്നങ്ങൾ ഉണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും അറിയാവുന്നതാണ്. കാഷ്യൂ രംഗത്ത് ഡി.എ. വെട്ടിപ്പ് നടക്കുന്നു. അല്ലെങ്കിൽ മിനിമം വേജസ് കുറവ് വരുത്തുന്നു. അതൊന്നും ഒരു ദിവസം കൊണ്ടും രണ്ട് ദിവസം കൊണ്ടും ഉണ്ടായിട്ടുള്ള സംഭവങ്ങളല്ല. കഴിഞ്ഞ കുറേ കാലങ്ങളായി വ്യവസായ രംഗത്ത് നിൽക്കുന്ന പ്രശ്നങ്ങളാണ്. കാഷ്യൂ കോർപ്പറേഷന്റേയും കാപ്പക്സിന്റേയും ഫാക്ടറികൾ അടഞ്ഞു കിടക്കുമ്പോൾ സ്വകാര്യ മേഖലകളെ ആശ്രയിക്കുന്ന തൊഴിലാളികളെ ഇക്കാര്യങ്ങൾ പറഞ്ഞ് സ്വകാര്യ മേഖലയിലെ പ്രവർത്തനത്തെ തടസ്സപ്പെടുത്തരുത് എന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ടായിരുന്നു. ആ മേഖലയിൽ പണിയെടുക്കുന്ന അർഹ പട്ടികജാതിക്കാരായ കശുവണ്ടി തൊഴിലാളികളുടെ നടന്നു വരുന്ന പ്രവർത്തനങ്ങൾ മുടങ്ങരുതെന്നുള്ളതാണ്. അല്ലെങ്കിൽ ഇതിനുമുൻപ് അടച്ചിടുമായിരുന്നു. ഈ സമരങ്ങൾ ആരംഭിച്ചതിനുശേഷം ഇപ്പോൾ നടന്നുവരുന്ന എല്ലാ ഫാക്ടറികളും സന്ദർശിച്ച് അവിടെ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഈ 15-ാം തീയതിക്ക് മുൻപ് നൽകണമെന്ന് തൊഴിൽ വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പി.എഫ്.-ന്റെ ഇ.എസ്.ഐ. യുടെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ ആളുകൾ അടക്കം സ്ക്വാഡ് രൂപീകരിച്ച് എല്ലാ തൊഴിലാളികളെയും സന്ദർശിച്ച് തെളിവുകൾ ശേഖരിച്ച് കൊണ്ടിരിക്കുകയാണ്. അവിടുത്തെ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്തതിനുശേഷം വേണം ഈ റിപ്പോർട്ട് തരാൻ എന്നു പറഞ്ഞു. മിനിമം വേജസ് പുതുക്കുന്നതിനെ സംബന്ധിച്ചാണ് പ്രധാനമായും ഉന്നയിച്ച പ്രശ്നം. അങ്ങയുടെ അറിവിന് വേണ്ടി പറയുന്നു. അങ്ങയുടെ നേതാക്കൾ കൂടി അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് ഐ.ആർ.സി. യിൽ പോലും മിനിമം വേജസ് പുതുക്കാൻ ഒരു പൊതു ധാരണയുണ്ടായി. ഒരു മാസത്തിന് മുൻപാണ് ഇങ്ങനെ ധാരണയുണ്ടായത്. ഞാൻ ഒരു കമ്മിറ്റിയെ വയ്ക്കാമെന്ന് സമ്മതിച്ചു. കമ്മിറ്റിയുടെ രൂപീകരണ സമയത്താണ് ഗവൺമെന്റ് മിനിമം വേജസ് പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുള്ള സമരം. ഇതിനുശേഷം ഇന്നലെയാണ് ഐ.ആർ.സി. കൂടിയത്. ഐ.ആർ.സി. വച്ചാൽ 6 മാസമെങ്കിലും ആ കമ്മിറ്റിക്ക് സമയം കൊടുക്കണം. അതിന്റെ റിപ്പോർട്ട് കിട്ടി അഡ്വൈസറി കമ്മിറ്റിക്ക് പോയി തിരിച്ചു വരണമെങ്കിൽ 6

LIBRARY ARCHIVES Kerala Legislative Assembly

മാസമെടുക്കും. ഒരു വർഷം കഴിഞ്ഞേ കഴിയൂ. ഇതെല്ലാം ഉടനെ വേണമെങ്കിൽ ഗവൺമെന്റിന്റേതായ നിലപാട് സ്വീകരിക്കണം. ഇത് യൂണിയനുമായിട്ടുള്ള ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ്. ഏകപക്ഷീയമായി ഗവൺമെന്റ് തീരുമാനിച്ചതല്ല. യൂണിയൻകാരുടെ സജഷൻ ഗവൺമെന്റ് അംഗീകരിച്ചുകൊണ്ടാണ് അങ്ങനെ ഒരു നടപടിക്ക് പോയത്. അപ്പോൾ ഇവിടെ സമരം തുടങ്ങി. കശുവണ്ടി മേഖലയിലെ സമരത്തെ സംബന്ധിച്ച് ശ്രീ. കെ. പി. രാജേന്ദ്രനും അറിയാവുന്നതല്ലേ? ഈ പ്രശ്നങ്ങൾ ഇന്നല്ല, ഈ ഗവൺമെന്റ് വന്നതിനുശേഷം 107 കോടി രൂപയുടെ ബാധ്യതയാണ് ഏറ്റെടുത്തത്. കശുവണ്ടി തൊഴിലാളികൾക്ക് വേണ്ടി 3 കോടി രൂപ ഗ്രാറ്റിവിറ്റി മാത്രം കൊടുത്തു. ഒരു കാര്യം അങ്ങ് ആലോചിക്കണം. അങ്ങയുടെ പ്രതിനിധികൾ കൂടി അടങ്ങുന്നതാണ് കാഷ്യു കോർപ്പറേഷന്റെ അംഗങ്ങളെന്ന് പറയുന്നത്. ഫാക്ടറി നടത്തുമ്പോൾ കാലാകാലങ്ങളായി കൊടുക്കേണ്ടതായിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ബെനിഫിറ്റ്സ് കൊടുക്കേണ്ടത് മാനേജ്മെന്റുകളുടെ ബാധ്യതയാണ്. അതൊന്നും കൊടുക്കാതെ 7,10 ദിവസം ജോലി കൊടുത്തു ഞങ്ങൾ ഇങ്ങനെ നടത്തിയെന്ന് പറഞ്ഞാൽ ഇതിന്റെ സ്റ്റാറ്റ്യൂട്ടറി ബെനിഫിറ്റിന്റെയെല്ലാം കൂടി ഇപ്പോൾ ഗ്രാറ്റിവിറ്റി ഇനത്തിൽ മാത്രം 23 കോടി രൂപയാണ് കൊടുക്കാനുള്ളത്. ഗവൺമെന്റ് ഇപ്പോൾ 30 കോടി രൂപ കൊടുത്തതേയുള്ളൂ. ഇത്രയും സാമ്പത്തികമായി ഞെരുക്കമുള്ള ഗവൺമെന്റിന് ഇതിൽക്കൂടുതൽ എങ്ങനെയാണ് കൊടുക്കാൻ കഴിയുന്നതെന്ന് അങ്ങേക്കും അറിയാമല്ലോ? വ്യവസായം നിലനിൽക്കണമെന്നുള്ള ഒറ്റ ഉദ്ദേശം കൊണ്ടാണ് ഇത്രയും ബുദ്ധിമുട്ടുണ്ടായിട്ടും ധനകാര്യവകുപ്പുമന്ത്രി ഇക്കാര്യത്തിൽ കാണിച്ച ഉദാരമായ സമീപനം, തൊഴിലാളികളുടെ പ്രശ്നങ്ങൾ അറിയാവുന്ന അതിനെ പ്രതിനിധീകരിക്കുന്ന പൊതു പ്രവർത്തകൻ കൂടിയായതുകൊണ്ട് പറഞ്ഞതാണ്. എത്ര സമ്മർദ്ദമുണ്ടായിട്ടാണ് ഇത്രയും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട്, ഇത്രയും പ്രയാസങ്ങൾക്കു നടുവിൽ നിന്നുകൊണ്ട് 30 കോടി രൂപ ഈ മാസം തന്നെ കൊടുക്കാൻ തീരുമാനിച്ചത്. കഴിഞ്ഞ വർഷം 22 കോടിയോളം രൂപ കൊടുത്തു. ഇങ്ങനെ നിൽക്കുന്ന സാഹചര്യത്തിലാണ് ഇതിനെല്ലാം ഇന്ന് പരിഹാരം കാണണമെന്ന് പറഞ്ഞ് അവിടെ പോയി എം. പി. നിരാഹാര സത്യാഗ്രഹം ആരംഭിച്ചത്. നിങ്ങൾ ഫാക്ടറി പടിക്കൽ നടത്തുന്ന സമരം നടക്കട്ടെ. എം. പി. യുടെ നിരാഹാര സത്യാഗ്രഹം അവസാനിപ്പിക്കണം. ഞാൻ ഇതിനുവേണ്ടി, നിയമങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി, ശക്തമായ നടപടികൾ സ്വീകരിക്കും. ഇതിനുവേണ്ടി നേതാക്കളുടെ യോഗം അവിടെ ചേരാം എന്നു പറഞ്ഞു. പി.എഫ്. കമ്മീഷൻ നടപടികൾ എടുക്കേണ്ട സമയമാണ്. പി.എഫ്. നമ്മുടെ പരിധിയിൽ വരുന്നതല്ല. റീജിയണൽ പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ സാന്നിധ്യത്തിൽ കൊല്ലത്ത് ഒരാഴ്ചയ്ക്കകം യോഗം ചേരാം. പി.എഫ്..നെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ അവിടെ ചർച്ച ചെയ്യാം. ഇ.എസ്.ഐ. ഉദ്യോഗസ്ഥൻമാരും നേതാക്കൻമാരുമായിട്ട് അവിടെ കൊല്ലത്ത് തന്നെ ചർച്ചയ്ക്ക് വേദി ഒരുക്കാം. എം.പി. പോയി നിരാഹാരം കിടന്നിട്ട് പരിഹാരം കാണാൻ ഗവൺമെന്റിന്റെ ഭാഗത്ത് മറ്റ് മാർഗ്ഗം ഇല്ല. ഇന്നലത്തെ ചർച്ച മൂന്നു മണിക്കൂറായിരുന്നു. സബ്ജക്ട് കമ്മിറ്റിയിൽ പോലും പങ്കെടുക്കാതെയാണ്

LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി മേഖലയിലുള്ള ഈ സമരം തീർക്കണമെന്നുള്ള ഉദ്ദേശത്തിലാണ് ഇന്നലെ ചർച്ചയിൽ പങ്കെടുത്തത്. പ്രതിപക്ഷ നേതാവും കൂടി ഇക്കാര്യത്തിൽ ഇടപെട്ടതാണ്. സമരം തീർക്കണമെന്ന് അദ്ദേഹവും കൂടി എന്നോട് ആവശ്യപ്പെട്ടതാണ്. അതിന്റെ വെളിച്ചത്തിൽ ഇന്നലെ ചർച്ച നടന്നു. ഇന്നലെ ചർച്ച നടക്കാനിരിക്കുമ്പോഴാണ് ഇന്നലെ രാവിലെ സത്യാഗ്രഹം തുടങ്ങിയത്. മിനിഞ്ഞാന്ന് ശ്രീ. സുപാൽ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചതാണ്. ദയവായി സത്യാഗ്രഹം ആരംഭിക്കരുത് ചർച്ച വച്ചിരിക്കയാണ് എന്നു പറഞ്ഞതാണ്. അതിനുശേഷം തീരുമാനിക്കാമെന്ന് പറഞ്ഞതാണ്. അതുപോലും കേൾക്കാതെയാണ് സത്യാഗ്രഹം ആരംഭിച്ചത്. ഇനി എന്ത് ചർച്ച? മൂന്നു മണിക്കൂർ ചർച്ച ചെയ്തു. ഗവൺമെന്റിനെക്കൊണ്ട് ചെയ്യാവുന്ന നിലയിൽ എല്ലാം ചെയ്തിട്ടുണ്ട്.

(8) ഗവൺമെന്റ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അധ്യാപക-പ്രിൻസിപ്പൽമാരെ നിയമിക്കണമെന്ന ആവശ്യം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: കേരളത്തിലെ ഗവൺമെന്റ് കോളേജുകളിൽ 500-ഓളം പോസ്റ്റുകളിൽ ഗവൺമെന്റ് അധ്യാപകൻമാരുടെ നിയമനം ഇതുവരെ ഉണ്ടായിട്ടില്ല. കൊല്ലങ്ങളായി ഒഴിച്ചിട്ടിരിക്കുകയാണ്. നല്ലതുപോലെ യോഗ്യരാ സമ്പാദിച്ചിട്ടുള്ള അഭ്യസ്തവിദ്യരായ യുവതീയുവാക്കളുള്ള കേരളത്തിൽ അർഹരായിട്ടുള്ള യുവതീയുവാക്കളായ ആളുകളെ ഇതുവരെ നിയമിച്ചിട്ടില്ല. അതുപോലെ 35 പ്രിൻസിപ്പൽ പോസ്റ്റ്, കോളേജ് അധ്യാപകൻമാരിൽനിന്നും പ്രൊമോഷന്റെ അടിസ്ഥാനത്തിൽ എടുക്കേണ്ട പ്രിൻസിപ്പൽ പോസ്റ്റും ഒഴിഞ്ഞുകിടക്കുകയാണ്. അതുപോലെ ഡെപ്യൂട്ടി ഡയറക്ടറുടെയും പോസ്റ്റ് ഒഴിഞ്ഞ് കിടക്കുകയാണ്. ഗവൺമെന്റ് കോളേജുകളെ ഇത്തരത്തിൽ അനാഥമായി തള്ളുന്നു. അതുപോലെ ഗവൺമെന്റ് കോളേജുകൾക്ക് ആവശ്യമായ കോഴ്സുകൾ കൊടുക്കുന്നില്ല. ഇത്തരത്തിൽ അധ്യാപക നിയമനം പ്രിൻസിപ്പൽ നിയമനം, അഡീഷണൽ ഡയറക്ടറുടെ നിയമനം, ഇതെല്ലാം അവഗണിച്ചു തള്ളുമ്പോൾ ഏതെങ്കിലും കോഴ്സ് കൊടുക്കുന്നതിനുള്ള നിലപാടെടുക്കുന്നുണ്ടോ? അതും ഇല്ല. ഗവൺമെന്റ് കോളേജുകൾ അനാഥമായി തള്ളുക എന്നുള്ളത് ഗവൺമെന്റിന്റെ ഒരു നയമായി തുടരുകയാണ്. അതേ അവസരത്തിൽ സ്വാശ്രയ കോളേജുകൾക്ക് വാരിക്കോരി കോഴ്സുകൾ കൊടുത്തു. ഇത്തരത്തിൽ ഗവൺമെന്റ് കോളേജുകളോടുള്ള വിവേചനപരമായ സമീപനം അവസാനിപ്പിക്കണം. ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ എല്ലാം തന്നെ കഴിയുന്ത്ര വേഗം പൂരിപ്പിക്കണം. അങ്ങനെ ഗവൺമെന്റ് കോളേജുകളുടെ അന്തസ്സ് പരിപാലിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly